**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കാസർഗോഡ് ജില്ല – അജാനൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി വിരമിച്ച ശ്രീ. ഷാജഹാൻ. വൈ. ക്ക് എതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് തദ്ദേശ സ്വയംഭരണ വകുപ്പ് കാസർഗോഡ് ജില്ല ജോയിന്റ് ഡയറക്ടർ ശ്രീമതി ഷൈനി ആർ.-നെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.**54/2026/LSGD** തീയതി,തിരുവനന്തപുരം, **07-01-2026**

---

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ **29/05/2023** തീയതിയിലെ **E18-(SC-94/2022/KSD)17703/2022/DVACB** നമ്പർ കത്ത്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **10/09/2024** ലെ **LSGD/PD/67492/2023-VIGE4** നമ്പർ കത്ത്.
3. സ.ഉ.(സാധാ)നം.**757/2025/LSGD** തീയതി, **21-03-2025.**
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **10/03/2025** ലെ **LSGD/PD/67492/2023-VIGE4** നമ്പർ കത്ത്.
5. സർക്കാരിന്റെ **26/04/2025** തീയതിയിലെ ഇപിബി**3/183/2023/**തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
6. ശ്രീ. ഷാജഹാൻ വൈ. **31/05/2025** ൽ സമർപ്പിച്ച മറുപടി.
7. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **16/09/2025** ലെ **LSGD/PD/67492/2023-VIGE4** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിലെ അജാനൂർ ഗ്രാമ പഞ്ചായത്തിലെ ഇട്ടമ്മൽ എന്ന സ്ഥലത്ത് മുമ്പ് നിർമ്മിക്കപ്പെട്ടിരുന്ന ഷോപ്പിങ്ങ് കോംപ്ലക്സ് കെട്ടിടത്തിന് മുകളിൽ വീണ്ടും കെട്ടിട നിർമ്മാണം നടത്തുന്നു എന്ന പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തി ചുവടെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തി പരാമർശം **(1)** പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

i. അജാനൂർ ഗ്രാമപഞ്ചായത്തിൽ ഇട്ടമ്മൽ എന്ന സ്ഥലത്ത് **229/2, 229/3** എന്നീ റീസർവ്വേ നമ്പറുകളിൽ പെടുന്ന ഭൂമിയിൽ സ്ഥിതി ചെയ്യുന്ന **30**

വർഷത്തിലധികം പഴക്കമുള്ള തറനിലയുടെ മേൽക്കൂരയുടെ കോൺക്രീറ്റ് അടർന്നുവീണും കോൺക്രീറ്റിനുപയോഗിച്ച കമ്പികൾ തുരുമ്പിച്ച നിലയിലും കാണപ്പെടുന്ന കെട്ടിടത്തിനു മുകളിൽ വീണ്ടും ഗാർഹികാവശ്യത്തിനുള്ള ക്വാർട്ടേഴ്സുകളും വാണിജ്യാവശ്യത്തിനുള്ള മുറികളും പണിയുന്നതിന് പ്രസ്തുത കെട്ടിടത്തിന്റെ ബലക്ഷമത പരിശോധിക്കാതെയും കെട്ടിടത്തിന്റെ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റിന്റെ അഭാവത്തിലും അനുമതിപത്രം അനുവദിച്ചു.

ii. ആരോപണ വിധേയമായ കെട്ടിടം സ്ഥിതിചെയ്യുന്നത് 2018-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ ഭേദഗതി അനുസരിച്ച് ഡാറ്റാ ബാങ്കിൽ പെടാത്ത **wet land** ആയ ഭൂമിയിലാണെന്നിരിക്കെ പ്രസ്തുത ഭൂമി നിയമാനുസൃതം തരം മാറ്റാൻ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്ന അപേക്ഷകന് 2019-ൽ ആരോപണവിധേയമായ കെട്ടിടത്തിനുള്ള നിർമ്മാണാനുമതി പത്രത്തിന്റെ കാലാവധി നീട്ടിക്കൊടുത്തു.

iii. കെട്ടിടത്തിന്റെ അംഗീകരിക്കപ്പെട്ട പ്ലാനിനു വിരുദ്ധമായി അനധികൃതമായി കൂട്ടിച്ചേർക്കലുകൾ നടത്തി.

iv. പുതുതായി പണികഴിപ്പിച്ച ഒന്നാം നില കെട്ടിടത്തിൽ പഞ്ചായത്തിന്റെ കെട്ടിടനമ്പർ ലഭിക്കാത്ത ക്വാർട്ടേഴ്സുകൾ നിയമവിരുദ്ധമായും അനധികൃതമായും വാടകയ്ക്കു നൽകി ആൾക്കാരെ താമസിപ്പിച്ചു.

2) മേൽ പ്രകാരം ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരിൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയ അജാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.സുരേഷ് ബി. എൻ, ശ്രീ.ഷാജഹാൻ വൈ. എന്നിവരിൽ നിന്ന് വിശദീകരണം ലഭ്യമാക്കി ആയതിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.ടി റിപ്പോർട്ടിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- 2011 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 105 പ്രകാരം 16 മീറ്ററിൽ കൂടുതൽ ഉയരമുള്ള ഹൈറൈസ് വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്കാണ് ദൃഢതാ സർട്ടിഫിക്കറ്റ് ആവശ്യമായി വരുന്നത്. ആരോപണ വിധേയമായ കെട്ടിടം ഹൈറൈസ് കെട്ടിടങ്ങളുടെ വിഭാഗത്തിൽപ്പെടുന്നതല്ല. കൂടാതെ **Framed Structure** നിർമ്മിതിയുടെ മുകളിൽ **Framed Structure** ആയി കോൺക്രീറ്റ് മേൽക്കുര പണിയുന്നതിനും **Load Bearing** നിർമ്മിതിയുടെ മുകളിൽ **Sheet Roofing** ചെയ്യുന്നതിനുമാണ് അനുമതി നൽകിയിട്ടുള്ളത്. ആയതിനാൽ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനമില്ല.

- അംഗീകരിക്കപ്പെട്ട പ്ലാനിനു വിരുദ്ധമായി കൂട്ടിച്ചേർക്കലുകൾ നടത്തി അനധികൃതമായി നിർമ്മാണം നടത്തിയിട്ടുള്ളതും ആയത് നീക്കം

ചെയ്യുന്നതിന് 25.01.2023 ന് സെക്രട്ടറി കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകിയിട്ടുമുണ്ട്.

- 2018 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ ഭേദഗതി അനുസരിച്ച് ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത വെറ്റ് ലാന്റ് സൗജന്യമായി തരം മാറ്റുന്നതിന് വ്യവസ്ഥയുണ്ടായിട്ടും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത വെറ്റ് ലാന്റ് തരം മാറ്റാതെ ആയതിൽ നിർമ്മിച്ച കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്.

- ടി വിഷയവുമായി ബന്ധപ്പെട്ട് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) സമർപ്പിച്ച റിപ്പോർട്ടിലും കെട്ടിട നിർമ്മാണ ചട്ടലംഘനമുള്ളതായി കണ്ടെത്തിയിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്തിരുന്നു.

3) വിജിലൻസ് ശിപാർശ പ്രകാരം കാസർഗോഡ് ജില്ലയിലെ അജാനൂർ ഗ്രാമ പഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ. ബി.എൻ സുരേഷ്-നെതിരെ KCS(CC&A) ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി വിജിലൻസ് അനുമതിയോടെ പരാമർശം (3) പ്രകാരം തീർപ്പാക്കിയിരുന്നു.

4) ക്രമക്കേടിന് ഉത്തരവാദിയായ ശ്രീ. ഷാജഹാൻ വൈ. 11/07/2019-ന് കാസർഗോഡ് ജില്ലയിൽ നിന്നും സ്ഥലം മാറി 31.05.2021-ൽ സേവനത്തിൽ നിന്നും വിരമിച്ചതായും ടിയാന് വിരമിതാനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ടിയാനെതിരെ കെ.എസ്.ആർ, പാർട്ട് III ചട്ടം 59(ഡി) പ്രകാരം പ്രതിമാസ പെൻഷനിൽ നിന്നും 1000/രൂപ വീതം ആജീവനാന്തം കുറയ്ക്കുവാൻ താൽക്കാലികമായി തീരുമാനിച്ച് പരാമർശം (5) കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

5) പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. ഷാജഹാൻ പരാമർശം (6) പ്രകരാം സമർപ്പിച്ച മറുപടിയിൽ, അജാനൂർ ഗ്രാമപഞ്ചായത്തിലെ ഇട്ടമ്മൽ എന്ന സ്ഥലത്ത് 229/2 229/3 എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന ഭൂമിയിൽ സ്ഥിതിചെയ്യുന്ന കെട്ടിടത്തിന് മുകളിൽ ഗാർഹികാവശ്യത്തിനുള്ള ക്വർട്ടേഴ്സുകളും വാണിജ്യാവശ്യത്തിനുള്ള മുറികളും നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും മുൻപ് നൽകിയിരുന്ന നിർമ്മാണ അനുമതിയുടെ കാലാവധി അവസാനിച്ചതിനാൽ കാലാവധി പുതുക്കി നൽകാൻ ഉടമ അപേക്ഷിച്ചെന്നും ഭൂമിയുടെ രേഖകൾ പരിശോധിച്ചതിൽ നിന്നും ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത വെറ്റ്-ലാന്റാണെന്ന് ബോധ്യപ്പെട്ടിരുന്നതായും, 2018-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമഭേദഗതി പ്രാബല്യത്തിൽ വന്നിട്ട് അധിക നാളായിരുന്നില്ലെന്നും, ഇത്തരം ഭൂമികളിൽ മുൻപ് നൽകിയ നിർമ്മാണ അനുമതികളിൽ എന്ത് നടപടി സ്വീകരിക്കണമെന്ന് വ്യക്തത ഇല്ലാതിരുന്നതായും ആയതിനാലാണ് നിർമ്മാണാനുമതി പുതുക്കി നൽകിയതെന്നും ബോധിപ്പിച്ചിരുന്നു.

6) ശ്രീ. ഷാജഹാൻ സമർപ്പിച്ച മറുപടിയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (7) പ്രകാരം സമർപ്പിച്ച അഭിപ്രായ റിപ്പോർട്ടിൽ, ടിയാന്റെ മേൽ മറുപടി അംഗീകരിക്കാൻ സാധിക്കുന്നതല്ലെന്നും, അതാത് ഘട്ടത്തിൽ വരുന്ന ഉത്തരവുകൾക്കനുസരിച്ച് തീരുമാനങ്ങൾ എടുക്കേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട ഉദ്യോഗസ്ഥനുണ്ടായിരുന്നുവെന്നും ആയത് പാലിച്ചിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി സാഹചര്യത്തിൽ. കെ.എസ്.ആർ, പാർട്ട് III ചട്ടം 59(ഡി) പ്രകാരമുള്ള അച്ചടക്ക നടപടിയിൽ, പരാമർശ വിഷയത്തിൽ ചട്ട പ്രകാരം ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് കാസർഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടർ ശ്രീമതി. ഷൈനി ആർ.-നെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. ശ്രീമതി. ഷൈനി ആർ., തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, കാസർഗോഡ്. *(ഫയലിലെ പ്രസക്ത ഭാഗങ്ങളുടെ പകർപ്പുകൾ സഹിതം)*.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം.
3. ശ്രീ. ഷാജഹാൻ വൈ., മുൻ സെക്രട്ടറി, അജാനൂർ ഗ്രാമപഞ്ചായത്ത്, കാസർഗോഡ്. *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം മുഖേന).*
4. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി *(ഫയൽ നം.ഇപിബി3/183/2023/തസ്വഭവ നമ്പർ*

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 07-01-2026 14:28:52
സെക്ഷൻ ഓഫീസർ